

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ ടിഎസ്ആർ (പി3)/44/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേശമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ ടിഎസ്ആർ (പി3)/44/2026 തീയ്യതി: 05/03/2026

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2024 മുതൽ 12-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	13-01-2026	20-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-01-2026	20-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി. സുധ ഇ.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രമ്യ കെ.കെ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജയരാജ്. കെ.	പ്രസിഡന്റ്	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സിന്ധു ടി.പി.	സെക്രട്ടറി	01-04-2024	28-08-2024
സഫിയ ഇ.വി.	അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്)	29-08-2024	07-10-2024
ബിന്ദുലേഖ വി	ഹെഡ് ക്ലർക്ക് (സെക്രട്ടറി ഇൻ-ചാർജ്)	08-10-2024	23-10-2024
ഷൺമുഖൻ കെ.എ.	അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്)	24-10-2024	05-02-2025
സന്തോഷ് രാജ് എസ്	ഹെഡ് ക്ലർക്ക് (സെക്രട്ടറി ഇൻ-ചാർജ്)	06-02-2025	23-02-2025
അനൂപ് ഇ.പി.	അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്)	24-02-2025	31-03-2025
പ്രജിത സി.ബി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
പ്രസൂൺ പവിത്രൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
സജ്ന അലോഷ്യസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. സരിത വി.എ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. വിദ്യ എം.	മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)	01-04-2024	31-03-2025
അനില പി.ആർ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ബീന എം.കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
അപർണ എസ്.കെ.	കൃഷി ഓഫീസർ	01-04-2024	31-03-2025
മിനി വേലായുധൻ	ഹെഡ്മിസ്ട്രസ്സ് (ജി.എ.പി.എസ്. കൊണ്ടയൂർ)	01-04-2024	28-06-2024
കൃപ എം.കെ.	ഹെഡ്മിസ്ട്രസ്സ് ഇൻ-ചാർജ് (ദിവസ വേതനം) (ജി.എ.പി.എസ്. കൊണ്ടയൂർ)	29-06-2024	25-07-2024
ജിതേഷ് ബിനു ജി	ഹെഡ്മാസ്റ്റർ (ജി.എ.പി.എസ്. കൊണ്ടയൂർ)	26-07-2024	31-03-2025
ഡോ. വിവേക് വിജയൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2024	05-05-2024
ഡോ. ഉല്ലാസ് മോഹൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	06-05-2024	13-08-2024
ഡോ. ദീപ ബി.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	14-08-2024	02-12-2024

ഡോ. സനിത വി.ടി.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	03-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	പഞ്ചാബ് നാഷ്ണൽ ബാങ്ക് അക്കൗണ്ട് (A/C No. 4267000100108603) ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ അധിക ബാധ്യത കാണിച്ചിരിക്കുന്നു	1-1-2
4	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-1-3
5	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-4
6	Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ	1-1-5
7	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-6
8	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-7
9	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.	1-1-8
10	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല	1-1-9
11	വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-10
12	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-11
13	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	തൊഴിലുറപ്പ് പദ്ധതി	1-5
18	ക്ഷേമ പെൻഷൻ	1-6
19	ക്യാഷ് ബാലൻസ് പരിശോധന	1-7
20	ആഭ്യന്തര നിയന്ത്രണം	1-8
21	തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ	1-9
22	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണം-വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കേണ്ടതാണ്	1-10
23	കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്	1-11
24	നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഒടുക്കിയിട്ടില്ല	1-12
25	വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ്	1-13
26	ഇ-ടെണ്ടർ ഫീ തനതുഫണ്ടിൽ അടവാക്കിയിട്ടില്ല	1-14
27	ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-15
28	സമേതം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-16
29	എസ്.എൽ.ഐ.വരിസംഖ്യ ഈടാക്കിയതിൽ കുറവ്	1-17
30	ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരിച്ചടവാക്കാൻ അവശേഷിക്കുന്നു.	1-18
31	ഐ.സി.ഡി.എസ്. പദ്ധതി ഇനത്തിൽ ലഭിച്ച കേന്ദ്രവിഹിതം ചെലവഴിച്ചില്ല	1-19
32	ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും - തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല	1-20
33	എഫ്.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.	1-21

34	ജലജീവൻ മിഷൻ പദ്ധതി അവലോകനം	1-22
35	ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം	1-23
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ്- വിവരശേഖരണം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.07.2025 തീയതിയിലെ 2-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2025 തീയതിയിൽ പിഞ്ഞണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിഞ്ഞണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :05.03.2026

ഡെപ്യൂട്ടി ഡയറക്ടർ

1–1–1 പഞ്ചാബ് നാഷ്ണൽ ബാങ്ക് അക്കൗണ്ട് (A/C No. 4267000100108603) ബാലൻസ് ഷീറ്റ് B–17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാങ്ക് റീകൺസിലിയേഷൻ പരിശോധനയിൽ പഞ്ചാബ് നാഷ്ണൽ ബാങ്ക് അക്കൗണ്ട് (A/C No. 4267000100108603) പ്രകാരം 31.03.2025 വരെ 28,87,479.99 രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ടി ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനിലയെ ബാധിക്കുന്നു.

1-1-2 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ അധിക ബാധ്യത കാണിച്ചിരിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ -B4- 320700105-Contributions For Joint Venture Projects (For Capital Expenditure) - From District Panchayats എന്ന ശീർഷകത്തിൽ നിന്ന് 4,82,746 രൂപയുടെ ബാധ്യത കുറവ് ചെയ്തിട്ടില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനിലയെ ബാധിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ & പേര്	ഇനം	വാർഷിക കണക്ക് പ്രകാരം ഇൻകം & എക്സ്പെന്റീച്ചർ – ഷെഡ്യൂൾ – I -14 (B)	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	വൗച്ചർ നം. & തീയതി
246/25 വട്ടപ്പറമ്പിൽ റോഡ് പൂർത്തികരണം	ജില്ലാ പഞ്ചായത്ത് ഫണ്ട്	4,82,746	**252110004 - Roads-Concretting**	42400775/ 31.03.205

1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		17,76,19,742
ആകെ ചെലവ് (B)		15,24,91,870
മിച്ചം തുക C= A-B		2,51,27,872
Prior Period Income (I-19)	34,554	
Prior Period Expenditure (I-18)	4,55,532	
Net Difference Between Prior Period Income And Expenses (D)		4,20,978
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		2,47,06,894

എന്നാൽ ഫോർമുല പ്രകാരം D= (I-18) - (I-19) എന്ന് ചേർത്തിട്ടുള്ളതിനാൽ D= 4,20,978 എന്ന് ചേർത്തിട്ടുണ്ടെങ്കിലും E = 2,55,48,850 എന്നുമാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ്	ബാങ്ക് അക്കൗണ്ട്	ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ്
320200104-Development Fund-Central Finance Commission Grant- Basic Tax	31,00,597	450210101-Punjab National Bank CFC (A/C No.4267000100107303)	96,60,014
320200113-Development Fund-Central Finance Commission Grant- Tied Fund	63,40,904		
	Total-94,41,501		

1-1-5 Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ

Development Fund - General, Maintenance Fund Road, Maintenance Fund Non Road എന്നീ ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ (കൈ) 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	വൗച്ചർ നമ്പർ/ തീയതി	തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ലെഡ്ജർ പ്രകാരം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക	വ്യത്യാസം
1	Development Fund-General	42400849/ 16.08.2024	1,81,164	414220101-Improvement Of The Service Of Local Governments-Computers And	0	1,81,164

				Related Equipments		
2	Development Fund-General	42400880/ 25.10.2024	1,49,778	414120006 - Public Drinking Water Programmes-Motor Pumb Set	0	1,49,778
		42400901/ 12.12.2024	1,24,461	414120006 - Public Drinking Water Programmes-Motor Pumb Set	0	1,24,461
		42401064/ 26.03.2025	46,812	414120006 - Public Drinking Water Programmes-Motor Pumb Set	0	46,812
3	Development Fund-General	42400895/ 02.12.2024	8,25,142	415120102 - Other Buildings-New Building	0	8,25,142
4	Maintenance Fund -Road	42400788/ 13.05.2024	4,83,553	415110003-Roads-Tarred	0	4,83,553
5	Maintenance Fund -Road	42400811 / 11.06.2024	1,719,043	415110003-Roads-Tarred	0	1,719,043
6	Maintenance Fund -Non Road	42400946/ 08.01.2025	2,98,299	414220205 - Improvement Of The Service Of Transferred Institutions-Computers	0	2,98,299
7	Maintenance Fund -Non Road	42400958/ 04.02.2025	1,62,990	413120004-Animal Husbandry-Infrastructure-Equipments For Institutions	0	1,62,990
8	Maintenance Fund -Non Road	42401054/ 24.03.2025	35,000	413120004-Animal Husbandry-Infrastructure-	0	35,000

				Equipments For Institutions		

1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 53,26,738 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,75,04,408 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) &(എഫ്)).

1-1-8 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾ , വർക്ക് ഷീറ്റുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-9 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർ നമ്പർ/തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക(₹)
110100101- Property Tax On Residential Buildings	42401149 /31.03.25	23,22,305
110100102- Property Tax On Non-	42401092/ 31.03.25	19,06,950

Residential Buildings		

1-1-10 വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1 റെസിഡൻഷ്യൽ

	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	19,57,901	3,72,705
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	19,54,565 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	3,73,089 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (391744*100/105)

1.2 നോൺ-റെസിഡൻഷ്യൽ

	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	17,64,796	1,39,601
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	17,54,692 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	1,39,762 * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (146656*100/105

കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2. കടിശ്ശിക

2.1 റെസിഡൻഷ്യൽ

	ഡിമാന്റ്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1,45,577	1,20,534
വാർഷികകണക്കിലെ	1,47,048	1,20,696

വിവിധ പത്രികകൾ പ്രകാരം	*(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 154400 X 100/105)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 126731/105X100 =120696)

2.2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	93,393	15,072	78,348
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	93,720 (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 98406 X 100/105))	14,926 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(82,294/105X100=78,375) Rounded Off To Sanchaya Figure

ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues - Property Tax On Residential Building	2,27,119	2,80,174
2	350410104-Advance Collection Of Revenues - Property Tax On Non-Residential Building	23,619	28,369

1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-12 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി

സൂക്ഷിക്കുന്നില്ല

എ) പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല
ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിലെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ശീർഷകം	31.03.2025 ലെ നീക്കിയിരിപ്പ്
320100107 - Balika Samruddi Yojana	5,300
320100121- Integrated Child Protection Scheme (ICPS)	1,103,856
320100190- Vimukthi Grant	30,941
320100198 - Grant From Suchitwa Mission	360,152
320200305 - Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes	42,000
320300103 - Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation	2,10,000
320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies	76,064
320700105 - Contributions For Joint Venture Projects (For Capital Expenditure) - From District Panchayats	4,82,746
320800101 - Beneficiary Contributions	1,14,367

ബി) കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം 7,85,191 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലേയും വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**ശീർഷകം**	**ഡെപ്പോസിറ്റിന്റെ തരം**	**തീയതി**	31.03.2025 ലെ നീക്കിയിരിപ്പ് തുക
1	340100101	Contractors' Earnest Money Deposit	19.04.2017 മുതൽ	1,10,998
2	340100102	Suppliers' Earnest Money Deposit	20.03.2018 മുതൽ	1,02,916

3	340100103	Bidders' Earnest Money Deposit	11.11.2019 മുതൽ	1,250
4	340100201	Contractors' Security Deposit	23.08.2022മുതൽ	25,000
5	340100202	Suppliers' Security Deposit	10.01.2020 മുതൽ	23,300
6	340100301	Contractors' Retention	17.07.2018 മുതൽ	4,29,538
7	340100302	Suppliers' Retention	31.10.2015 മുതൽ	5,528
8	340109901	Other Deposits	24.11.2017 മുതൽ	37,141
8	340200102	Auction Deposit	13.08.2021 മുതൽ	1,000
9	340200199	Other Deposits	30.03.2021 മുതൽ	47,000
10	340800101	Deposit Received From Others	23.06.2020 മുതൽ	1,520

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

സി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 58,17,553 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ ഓരോ വർഷവും അഡ്വാൻസ് നൽകിയതിന്റെ വിവരം വർഷം തിരിച്ച് എഴുതുകയോ സംഗ്രഹം എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലേയും അഡ്വാൻസ് നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

ബജറ്റ്		
പാസ്സാക്കിയ തിയതി	09-02-2024	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ് , ചെലവ് എന്നിവ	വരവ്	ചെലവ്
	389478131	386445000
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി	26-03-2025	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ് , ചെലവ് എന്നിവ	വരവ്	ചെലവ്
	279475418	273421000

1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്*/ ലാപ്സായ തുക**

വികസന ഫണ്ട്-ജനറൽ	0	1,61,02,000	1,61,02,000	1,52,92,884	8,09,116**
വികസന ഫണ്ട്-എസ്.സി.പി	0	8,169,000	81,69,000	81,69,000	0
മെയിന്റനൻസ്, റോഡ്	0	4,29,71,000	4,29,71,000	2,95,65,426	1,34,05,574**
മെയിന്റനൻസ്, നോൺ-റോഡ്	0	76,78,000	76,78,000	50,46,208	26,31,792**
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	31,53,735	56,98,500	88.52,235	25,11,331	63,40,904*
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied ട്രഷറി)	0	2,21,600	2,21,600	2,09,114	12,486**
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	17,38,152	27,51,785 (229+38556 പലിശ ഉൾപ്പെടെ)	44,89,937	13,89,340	31,00,597*
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied ട്രഷറി)	0	1,33,985	1,33,985	0	1,33,985**
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഹെൽത്ത് ഗ്രാന്റ് – 1)	4,17,569	5,76,748	9,94,317	1,83,180	8,11,137*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഹെൽത്ത് ഗ്രാന്റ് – 2)	9,07,191	3,74,302	12,81,493	1,77,958	11,03,535*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ശുചിത്വ മിഷൻ)	5,91,103	0	5,91,103	2,30,951	3,60,152*
(ICPS)	15,47,301	3,43,225	18,90,526	7,86,670	11,03,856*
വിമുക്തി	30,941	0	30,941	0	30,941*

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും

കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2024 -25 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം (സൂലേഖ പത്രിക പ്രകാരം) താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
209	226349754	139	74665060	33%	67%

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	12,22,962	12,22,962	12,22,962	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	2,70,75,128	2,70,75,128	2,70,75,128	0
സ്കിൽഡ് & സെമി സ്കിൽഡ് ലേബർ + മെറ്റിരീയൽ കോസ്റ്റ്	0	0	0	0	0
ആകെ	0	2,82,98,090	2,82,98,090	2,82,98,090	0

1-6 ക്ഷേമ പെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2,830,000	163
വിധവാ പെൻഷൻ	18,946,300	1185
വാർദ്ധക്യകാല പെൻഷൻ	27,697,800	1791
വികലാംഗപെൻഷൻ	5,053,100	310
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,216,600	138

1-7 ക്യാഷ് ബാലൻസ് പരിശോധന

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2026 തീയതിയിൽ 2.30 PM ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,642 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1–9 തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ	അർദ്ധവർഷം
1	മാവേലി സ്റ്റോർ, ദേശമംഗലം	1st &2nd
2	നെഹ്റു മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ദേശമംഗലം	1st

2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2024-25 സാമ്പത്തികവർഷത്തിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ അഥവാ ഇവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

ക്രമ നം.	കരാറുകാരുടെ പേര്
1	രാജേഷ് വി.യു.
2	അബ്ദുൾ ലത്തീഫ് ടി.എ.
3	സുബൈർ എസ്.വൈ.
4	ഡെൽമൺ ദേവസ്യ
5	വീരാൻ ടി.എ.
6	അബ്ദുൾ റഷീദ്

3. പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ 27.06.2024 തീയതിയിലെ സ.ഉ. (സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച/പുതുക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതിയും അതേ നിരക്കിൽ തന്നെയാണ് ഈടാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം 5, 6 അനുസരിച്ച് ടേൺഓവറിനെ അടിസ്ഥാനപ്പെടുത്തിയുള്ള

നികുതിയോ ഈടാക്കാമെന്നുണ്ടെങ്കിലും തൊഴിൽ നികുതി സ്ലാബ് നിശ്ചയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ക്രമ നമ്പർ (1) ലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, ക്രമ നമ്പർ (2) പട്ടികയിൽ പരാമർശിച്ചിട്ടുള്ള കരാറുകാരുടെ തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ (3) ൽ പരാമർശിച്ചിട്ടുള്ള സ്ഥാപന ഉടമകളിൽ നിന്നും വരുമാനം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി കൊണ്ട് നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്. 1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൃയറി നം. 15/19.01.2026)

1-10 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണം-വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കേണ്ടതാണ്

5G നെറ്റ്വർക്ക് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, 19.01.2023-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട് (19.01.2023 ലെ സ.ഉ(അ)10/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്). മേൽചട്ട ഭേദഗതി പ്രകാരം മൊബൈൽ ടവറുകളുടെ നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റ് ഒഴിവാക്കിയിട്ടുള്ളതാണ്. നിശ്ചിത മാതൃകയിലുള്ള (അനുബന്ധം A5) ഇന്റിമേഷനൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ പഞ്ചായത്തിൽ സമർപ്പിക്കുകയും ചട്ടപ്രകാരമുള്ള ഫീസ് അടവാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ തന്നെ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്തീകരിച്ച ശേഷം കംപ്ലീഷൻ റിപ്പോർട്ടിനോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സമർപ്പിച്ച ഇന്റിമേഷൻ സമർപ്പിക്കേണ്ടതും, സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷം 2021-22 മുതൽ 2024-2025 വരെയുള്ള കാലയളവിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയോ, മുകളിൽ സൂചിപ്പിച്ച ഭേദഗതി പ്രകാരമുള്ള ഇന്റിമേഷനോ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ 11, 14 എന്നീ വാർഡുകളിൽ താഴെപ്പറയുന്ന മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു. വസ്തു നികുതി ഡാറ്റാബേസ് ആയ സഞ്ചയ / അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ടി മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ	ടവർ
1	11	ബി.എസ്.എൻ.എൽ.
2	14	റിലയൻസ്

പ്രസ്തുത മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അപേക്ഷയോ ഇന്റിമേഷനോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (16/19.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകൾ 2019 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ ആയവക്ക് നിയമാനുസൃതമായ കെട്ടിട നമ്പർ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തവക്ക് കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1), 235AA(3) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇവ പ്രവർത്തനം ആരംഭിച്ച കാലഘട്ടം മുതൽ വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1. ഫയൽ നം.എസ്.സി2-2874/24 തീയതി 07.09.2024 പ്രകാരം ശ്രീ.ഗോവിന്ദൻ കെ.പി. കൊണ്ടയൂർ

പിഷാരത്ത് വീട്, കൊണ്ടയൂർ എന്നരുടെ വാണിജ്യ ഉപയോഗക്രമത്തിലുള്ള 152.15 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മാണം പൂർത്തികരിച്ച് ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
അപേക്ഷകൻ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർവ്വേ നമ്പർ	598/2-4 (തലപ്പിള്ളി താലൂക്ക്, പല്ലൂർ വില്ലേജ്)
പ്ലോട്ട് ഏരിയ	1133 ച.മീ.
കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം	Ground Floor -152.15 ച.മീ.

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മേൽ കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കാവുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ക്രമവത്ക്കരണഫീസായ 21,301 രൂപ ഈടാക്കേണ്ടതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അപേക്ഷകൻ ക്രമവത്ക്കരണ ഫീസ് ഒടുക്കിയിട്ടില്ല.
2. 2547/2024 നമ്പർ ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൻ പ്രകാരം ശ്രീ. ജയപ്രകാശൻ, മുതുക്കാട്ടിൽ വീട്, വറവട്ടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 232/1-8 എന്ന സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന 424 ച.മീ. സ്ഥലത്ത് 309.14 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മാണം പൂർത്തികരിച്ച് ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

കംപ്ലീഷൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ വിസ്തീർണ്ണം (ബിൽറ്റ് അപ്പ് ഏരിയ)	ഉപയോഗക്രമം
Ground Floor- 92.33 ച.മീ. First Floor – 96.25 ച.മീ. Second Floor- 14.06 Total – 202.64 ച.മീ.	പാർപ്പിടാവശ്യം
Ground Floor- 53.25 ച.മീ. First Floor – 53.25 ച.മീ. Total – 106.50 ച.മീ.	വാണിജ്യാവശ്യം
ആകെ ബിൽറ്റ് അപ്പ് ഏരിയ	309.14 ച.മീ.

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ക്രമവത്ക്കരണത്തിനായി അപേക്ഷിച്ച കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം അപാകങ്ങളുണ്ടെന്നും ടി ന്യൂനതകൾ പരിഹരിക്കാതെ ക്രമവൽക്കരിക്കാൻ സാധിക്കുകയില്ലെന്നും സെക്രട്ടറി 31.08.2024 തീയതിയിലെ കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ആയത് പ്രകാരം അപേക്ഷകൻ അപാകതകൾ പരിഹരിച്ച് അപേക്ഷ 30.11.2024 ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ക്രമ നമ്പർ (1) ൽ പരാമർശിക്കുന്ന കെട്ടിടവുമായി ബന്ധപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ കെട്ടിടത്തെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1), 235AA(3) എന്നിവ പ്രകാരം നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ക്രമ നമ്പർ (2) ൽ പരാമർശിച്ചിരിക്കുന്ന കെട്ടിടവുമായി ബന്ധപ്പെട്ട അപാകതകൾ അപേക്ഷകൻ പരിഹരിച്ച് സമർപ്പിച്ചിട്ടുണ്ടെങ്കിലും, നാളിതുവരെ കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി കണക്കാക്കപ്പെടുന്നു. അപാകതകൾ പരിഹരിച്ച ശേഷം നിയമാനുസൃതമായി പരിശോധന നടത്തി കെട്ടിടം ക്രമവത്കരിക്കുകയും, അതനുസരിച്ച് വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതുമാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 20/20.01.2026)

1-12 നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഒടുക്കിയിട്ടില്ല

2617/2024 നമ്പർ ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൻ പ്രകാരം ശശികുമാരൻ, പെരുമ്പാളെ ഹൗസ്, ദേശമംഗലം എന്നവരുടെ ഉടമസ്ഥതയിലുള്ള ദേശമംഗലം വില്ലേജിൽ താഴെപ്പറയുന്ന സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 13352 ച.മീ. സ്ഥലത്ത് നിലവിലുള്ള വാണിജ്യ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിനോട് (10/1-A) 203.13 ച.മീ. വിസ്തീർണ്ണം കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വേ നമ്പർ	ഭൂമിയുടെ തരം	പ്ലോട്ട് ഏരിയ
624/PT-2	പുരയിടം	1 ഹെ. 14 ആർ. 12 ച. മീ.
621/P4-1	സ്വഭാവ വ്യതിയാനം നടത്തിയ ഭൂമി	19 ആർ. 40 ച. മീ.
	ആകെ	1 ഹെ. 33 ആർ. 52 ച. മീ.

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നില	ച. മീ. വിസ്തീർണ്ണം
Existing Ground Floor	190.15
Extension First Floor	203.13
ആകെ വിസ്തീർണ്ണം	**393.28**

മേൽപ്പറയുന്ന കെട്ടിടത്തിന് A5-BA(403719)/2024 Dated 18.12.2024 പ്രകാരം പഞ്ചായത്തിൽ നിന്ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം 621/P4-1 സർവ്വേ നമ്പറിൽ (1940 ച.മീ) ഉൾപ്പെടെയുള്ള 13352 ച.മീ.

സ്ഥലത്താണ് നിർമ്മിക്കാൻ അനുമതി നൽകിയിരിക്കുന്നത്.

കൈവശാവകാശ സർട്ടിഫിക്കറ്റിൽ പ്രസ്തുത ഭൂമി "സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം" എന്നായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും, ഭൂമിയുടെ തരം മാറ്റലിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2008 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ വകുപ്പ് 14 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും എത്രതന്നെ അടങ്ങിയിരുന്നാലും നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തിയ നെൽവയലിലോ, തണ്ണീർത്തടത്തിലോ, വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവ വ്യതിയാനം വരുത്തിയ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ എന്തെങ്കിലും പ്രവൃത്തിയോ, നിർമ്മാണമോ നടത്തുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ 2018-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 12(9)-ന്റെ പട്ടികയിലെ കുറിപ്പ്(1) പ്രകാരം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ വീതം ഫീസ് ഒടുക്കേണ്ടതാണ്. പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് ആയത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്. ആകെ 4233.23 ച.അടി. (393.28 ച.മീ.) വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. 3000 ച.അടിയിൽ അധികമായ 1233.23 ച.അടി വിസ്തീർണ്ണത്തിന് ഒരു ച.അടിയ്ക്ക് 100 രൂപ നിരക്കിൽ ആകെ 1,23,323 രൂപ ഫീസായി ഒടുക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ഫീസ് ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് 621/P4-1 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 1940ച.മീ ഭൂമിയുടെ തരം മാറ്റൽ സംബന്ധിച്ച റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ്, A5-BA(403719)/2024 Dated 18.12.2024 നമ്പർ പെർമിറ്റ് പ്രകാരം 393.28 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 2018-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 12(9)-ന്റെ പട്ടികയിലെ കുറിപ്പ്(1) പ്രകാരം 1,23,323 രൂപ ഫീസ് ഒടുക്കി ആയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21/20.01.2026)

1-13 വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഉപയോഗ്രക്രമത്തിലോ, 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. (1)-ാം ഉപചട്ടപ്രകാരമുള്ള തന്റെ ബാദ്ധ്യത, കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത്, പിഴയായി ചുമത്താവുന്നതാണ്.

(3) (1)-ാം ഉപചട്ടപ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുത നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർ നിർണ്ണയിക്കേണ്ടതും, അതിനനുസരിച്ച വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ)നം. 77/2023/ത.സ്വ.ഭ.വ., തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിനായി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധന നടത്തുന്നതിനുള്ള വേതന നിരക്ക് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 06.06.2024 തീയതിയിലെ 3.12 നമ്പർ തീരുമാന പ്രകാരം 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും, 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും ഉയർത്തിയിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണ മാർഗ്ഗനിർദേശങ്ങൾ സമ്പൂർണ്ണ അടിസ്ഥാനത്തിൽ നടപ്പിലാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വറി നം. 17/19.01.206)

1-14 ഇ-ടെണ്ടർ ഫീ തനതുഫണ്ടിൽ അടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, ദേശ മംഗലം ഗ്രാമപഞ്ചായത്ത് എന്ന പേരിൽ എസ്.ബി.ഐ, വടക്കാഞ്ചേരി ശാഖയിലെ 67143410575-ാം നമ്പർ അക്കൗണ്ടിലാണ് ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ നിക്ഷേപിച്ചിട്ടുള്ളത്. മേൽസൂചിപ്പിച്ച അക്കൗണ്ടിന്റെ ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025-ന് 5,52,651 രൂപ നീക്കിയിരിപ്പുണ്ട്. ആയത് തനതുഫണ്ടിൽ യഥാസമയം ഒടുക്കാതിരുന്നതിന്റെ കാരണം അറിയിയ്ക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/19-01-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തനതു ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-15 ലൈഫ് ഭവന പദ്ധതി – ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ ദേശമംഗലം സർക്കിൾ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ ധനസഹായ വിതരണ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമനമ്പർ	പ്രൊജക്ട്	ഗുണഭോക്താവിന്റെ പേരും വിലാസവും	ധനസഹായം കൈപ്പറ്റിയ തീയതി	തുക
1	ലൈഫ് ഭവന പദ്ധതി (എസ്.സി)	സതി ദിലീപ് കുമാർ മാടക്കാട്ടുവളപ്പിൽ പല്ലൂർ	18.03.2023	40,000

2		ഗീത ഉണ്ണികൃഷ്ണൻ പാതിരിക്കാട്ട്പടി പല്ലൂർ	06.06.2023	40,000
			20.01.2024	1,00,000
3		കാളി ഉണ്ണിയാട്ടിൽപടി പല്ലൂർ	30.05.2023	40,000
			28.11.2023	1,00,000
4		നീലി ചക്കൻ ഉണ്ണികുന്ന്പറമ്പിൽ വീട്, തലശ്ശേരി	06.07.2023	40,000
5		കൃഷ്ണൻ കെ.സി കള്ളികുന്ന് വീട് ആറങ്ങോട്ടുകര	11.07.2023	40,000
6		വിനോദ് കെ.കെ കള്ളികുന്ന് കോളനി ആറങ്ങോട്ടുകര	09.07.2024	40,000
7		ചാമി കീടങ്ങാട്ട്പടി ദേശമംഗലം	27.01.2023	40,000
			16.05.2023	1,00,000
8		ജിഗീഷ് പറയൻകുന്നത്ത് പല്ലൂർ	07.03.2023	40,000
			07.09.2023	1,00,000
9		സുജാത ഉണ്ണികുന്ന്പറമ്പിൽ വീട്, തലശ്ശേരി	13.11.2023	40,000
			13.03.2024	1,00,000
10		അജയൻ മാടക്കാട്ടുവളപ്പിൽ ദേശമംഗലം	11.02.2021	40,000
			15.06.2021	40,000
11		സുശീല കുമാരൻ മുണ്ടത്ത്പടി കുറ്റവട്ടൂർ	11.02.2021	40,000
			28.01.2023	1,00,000
			17.01.2023	60,000

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/17-01-2026) മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സമേതം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊ.നം. 154/25 സമേതം (സ്പിൽ ഓവർ) എന്ന പ്രൊജക്ട് പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 91,614 രൂപ (വൗച്ചർ നം. 42400921തിയതി 20.12.2024) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ

